പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1596

03.05.2017 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട റിക്കവറി നടപടികൾ

ചോദ്യം

ശ്രീ. എം. രാജഗോപാലൻ

(എ) വിദ്യാഭ്യാസ വായ്പ എടുത്തതിന് ശേഷം അപേക്ഷകരായ വിദ്യാർത്ഥികൾ മരണപ്പെട്ട കേസ്സുകളിൽ പ്രസ്തുത ബാങ്ക് വായ്പയുടെ പേരിലുള്ള റിക്കവറി നടപടികളിൽ നിന്നും രക്ഷകർത്താക്കളെ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) രക്ഷകർത്താക്കളുടെ ഏക പ്രതീക്ഷയായ മക്കളുടെ മരണശേഷവും വായ്പ കുടിശ്ശിക പിടിച്ചെടുക്കാൻ ബാങ്കുകൾ നടത്തുന്ന ത്വരിത നടപടികൾ ഒഴിവാക്കി കുടുംബങ്ങളെ സഹായിക്കാൻ നിർദ്ദേശമുണ്ടാകുമോ ?

ഉത്തരം

ശ്രീ. പിണറായി വിജയൻ
മുഖ്യമന്ത്രി

(എ) & (ബി) വിദ്യാഭ്യാസ വായ്പ എടുത്ത ശേഷം മരണമടഞ്ഞ വിദ്യാർത്ഥികളുടെ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച വിഷയം സംസ്ഥാന സർക്കാർ പല പ്രാവശ്യം സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗങ്ങളിൽ ഉന്നയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഓരോ കേസും യോഗ്യതയ്ക്ക് അനുസരിച്ച് അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണെന്നും സ്പെഷ്യൽ കേസുകൾ സർക്കാർ പ്രത്യേകമായി സംസ്ഥനതല ബാങ്കിംഗ് സമിതിയുടെ പരിഗണനയ്ക്കായി അയയ്ക്കുവാനും ധാരണയുണ്ട്.

അല്ലാത്ത കേസുകളിൽ മരണപ്പെട്ട വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾക്ക് അതാതു ബാങ്കിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഇളവുകളോടെ ബാദ്ധ്യത തീർത്ത് റിക്കവറി നടപടികളിൽ നിന്ന് ഒഴിവാകുന്നതിന് അവസരമുണ്ട്.

സെക്ഷൻ ഓഫീസർ